# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6444

08-11-2016-ൽ മറുപടിക്ക്

## മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യഥാർത്ഥ്യമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2014 ഫെബ്രുവരി 14-ാം തീയതി ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ബഹു: മുഖ്യമന്ത്രി ചെയർമാനും, ബഹു: വ്യവസായ, ആരോഗ്യ വകുപ്പു മന്ത്രിമാർ വൈസ് ചെയർമാൻമാരുമായി 25 അംഗ ഗവേണിങ്ങ് ബോഡി രൂപീകരിക്കുകയും ചെയ്തു. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും പ്രോജക്ട് ഓഫീസ് മലപ്പുറത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 300 കിടക്കകളുള്ള നിർദ്ദിഷ്ട സെന്ററിന് ഏതാണ്ട് 340 കോടി രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.<br>സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും ഒരു കോടി രൂപ വായ്പയായി ലഭ്യമാക്കിയിരുന്നു. മലപ്പുറം ക്യാൻസർ |

സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് പരിശോധിച്ചു വരുന്നു.

(ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിന് യോഗം ചേർന്നിരുന്നോ ;

(സി) എങ്കിൽ എന്നാണ് യോഗം ചേർന്നതെന്നും എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്നും വിശദീകരിക്കാമോ ;

(ഡി) അതനുസരിച്ച് എന്തെല്ലാം തുടർ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ബി) (സി) & (ഡി) 25/07/2016 -ൽ സൊസൈറ്റിയുടെ ഗവേണിങ്ങ് ബോഡി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് മലപ്പുറം കാൻസർ സെന്റർ പ്രോജക്ടിന്റെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച തീരുമാനമെടുക്കണമെന്ന് ഗവേണിംഗ് ബോഡി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ